(ബി) ഇവർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ലാൻഡ് ബാങ്ക് പദ്ധതി, മിച്ചഭൂമി വിതരണം, വി.എഫ്.സി. ഭൂമി വിതരണം എന്നീ പദ്ധതികൾ മുഖേന ലഭ്യതയ്ക്കനുസരിച്ച് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം അനുവദിച്ച നെല്ലിയാമ്പതിയിലെ 127 കുടുംബങ്ങൾക്ക് ലൈഫ്മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം**

16(761) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും വീട് അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും സ്ഥലം അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരും ഭൂരഹിതരും നിലവിൽ ഒരു പദ്ധതി പ്രകാരവും വീടും സ്ഥലവും അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും സ്ഥലവും വീടും അനുവദിച്ചു വരുന്നത്. കൂടാതെ 275.13 ഏക്കർ നിക്ഷിപ്ത വനഭൂമി, പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്നതിനായി വനം വകുപ്പ്, റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഭൂമി അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ആദിവാസി പുനരധിവാസ മിഷൻ മുഖേന നിശ്ചിത അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭവന നിർമ്മാണത്തിനും ഭൂമി ലഭിക്കുന്നതിനുംവേണ്ടി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി 1354 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന്, ആദിവാസി പുനരധിവാസ മിഷൻ മുഖേന അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. അർഹതപ്പെട്ടവർക്ക് ഭൂമി അനുവദിച്ച നൽകിയതിനുശേഷം ലൈഫ്മിഷൻ മുഖേനയോ ആദിവാസി പുനരധിവാസ മിഷൻ മുഖേനയോ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണം**

17(762) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണത്തിന് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെയായി നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് ഏജൻസിക്ക് അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 2-2-2021 തീയതിയിൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 29-9-2021-ന് ബഹു. എം.എൽ.എ., ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly